(ബി) പ്രസ്തുത സ്ഥലം ആരുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണെന്ന് വ്യക്തമാക്കാമോ ;

(സി) 1985-86 സാമ്പത്തികവർഷത്തിൽ നെയ്യാർ ഡാം ടൂറിസ്റ്റ് കേന്ദ്ര പ്രവർത്തനത്തിനുവേണ്ടി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക എത്ര ;

(ഡി) പ്രസ്തുത തുക ചെലവ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏത് ആവശ്യത്തിന് ; എത്ര തുക ?

ഉത്തരം

(എ) നെയ്യാർഡാം പരിസരങ്ങളുടെ പരിപാലനവും സംരക്ഷണവും വേണ്ടതുപോലെ നടക്കുന്നില്ല എന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പിലെ ജലസേചന വിഭാഗത്തിലെ നെയ്യാർഡാം സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ നിയന്ത്രണത്തിലാണ്. നെയ്യാറിൻകര ചാനൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും ഈ ഉദ്യോഗസ്ഥന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നു.

(സി, ഡി) 1985-86 സാമ്പത്തികവർഷത്തിൽ നെയ്യാർ ഡാം ടൂറിസ്റ്റ് കേന്ദ്ര പ്രവർത്തനത്തിനുവേണ്ടി പ്രത്യേകം തുക അനുവദിച്ചിട്ടില്ല. ജലസേചനപദ്ധതി സംരക്ഷണ പ്രവർത്തനങ്ങളുടെ പട്ടികയിൽ നെയ്യാർഡാം പൂന്തോട്ടങ്ങളുടെ സംരക്ഷണത്തിനായി 1985-86-ൽ 3,54,000 രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 28-2-1986 വരെ 3,40,000 രൂപ ചെലവാക്കിയിട്ടുണ്ട്. ഇതിൽ ജീവനക്കാരുടെ ശമ്പളത്തിനുവേണ്ടി ചെലവാക്കിയ തുകയും ഉൾപ്പെടുന്നു.

നെയ്യാർ ഡാമിൽ ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് 1985-86-ലെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ' ആയി വകകൊള്ളിച്ചിരുന്നു. അതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല.

ടൂറിസ്റ്റ് ഗൈഡുകളുടെ നിയമനം

328 . [510] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാർ ഡാം മുതൽ കൊംപൈക്കാണി വരെയുള്ള പ്രദേശത്തെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തി ടൂറിസ്റ്റുകളെ ആകർഷിക്കുവാനും അവിടത്തെ പ്രാധാന്യം ടൂറിസ്റ്റുകളെ പറഞ്ഞുമനസിലാക്കുവാനും വേണ്ട ഗൈഡുകളെ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

നെയ്യാർ ഡാം മുതൽ കൊംപൈക്കാണി വരെയുള്ള പ്രദേശത്തെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുവാനുള്ള പരിപാടികളൊന്നും ഇപ്പോഴില്ല.

ടൂറിസം വകുപ്പു പ്രസിദ്ധീകരിക്കുന്ന ഫോൾഡറുകളിലും മറ്റും നെയ്യാർ ഡാമിന് വേണ്ട പ്രാധാന്യം നൽകുന്നുണ്ട്. അവിടത്തെ പ്രാധാന്യം ടൂറിസ്റ്റുകളെ പറഞ്ഞു മനസിലാക്കുവാൻ ആവശ്യാനുസരണം പരിശീലനം കഴിഞ്ഞ ഗൈഡുകളെ ഏർപ്പെടുത്തി കൊടുക്കുന്നതാണ്.

ജല-വായു മലിനീകരണ നിയന്ത്രണ നിയമങ്ങൾ

329 [511] ശ്രീ. റ്റി. എസ്. ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly